പത്രക്കുറിപ്പ്
13-09-2018

# അസർബെയ്ജാനിൽ കുടുംബശ്രീ - രണ്ടാംഘട്ട പരിശീലനം ആരംഭിച്ചു

---

തിരുവനന്തപുരം: കുടുംബശ്രീ മാതൃകയിലുള്ള സംവിധാനം രൂപീകരിക്കുന്നതിന്റെ ഭാഗമായി അസർബെയ്ജാനിൽ രണ്ടാം ഘട്ട പരിശീലന പരിപാടിക്ക് തുടക്കമായി. കേരളത്തിന് പുറത്തേക്ക് കുടുംബശ്രീ മാതൃക എത്തിക്കുന്നതിനായി പ്രവർത്തിക്കുന്ന കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ (എൻആർഒ) നേതൃത്വത്തിലാണ് രണ്ടാഴ്ച നീളുന്ന പരിശീലനം നൽകുന്നത്. രാജ്യത്ത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മാതൃക പകർത്താൻ താത്പര്യപ്പെട്ട് 2017 ഒക്ടോബറിലാണ് അസർബെയ്ജാൻ കുടുംബശ്രീയെ സമീപിച്ചത്. അതിന് ശേഷം കുടുംബശ്രീയിൽ നിന്നുള്ള ഉദ്യോഗസ്ഥ സംഘം അടക്കമുള്ളവർ 2018 മാർച്ചിൽ അസർബെയ്ജാനിൽ സന്ദർശനം നടത്തുകയും ആദ്യ ഘട്ട പരിശീലനം നൽകുകയും ചെയ്തിരുന്നു. അതിന് തുടർച്ചയായാണ് ഇപ്പോൾ രണ്ടാം ഘട്ട പരിശീലനം ആരംഭിച്ചിരിക്കുന്നത്.

അസർബെയ്ജാൻ റൂറൽ ഇൻവെസ്റ്റ്മെന്റ് പ്രൊജക്ടിനോട് (അസ്റിപ്) അനുബന്ധിച്ച് അയൽക്കൂട്ട മാതൃകയിൽ വനിതാ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പരിശീലനമാണ് ആദ്യ ഘട്ടത്തിൽ നൽകിയത്. ലഘുസമ്പാദ്യ പ്രവർത്തനങ്ങൾ, കണക്കുകൾ രേഖപ്പെടുത്തുന്നത് അടക്കമുള്ള കാര്യങ്ങളിലും അസ്റിപ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർക്കൊപ്പം കുടുംബശ്രീ ഉദ്യോഗസ്ഥർ അസർബെയ്ജാനിലെ വിവിധ കേന്ദ്രങ്ങളിലെത്തി വിശദമായ പഠന ക്ലാസ്സുകളും നൽകിയിരുന്നു. ആദ്യ ഘട്ട പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ അസർബെയ്ജാനിൽ വനിതാ സംഘങ്ങൾ രൂപീകരിച്ചു കഴിഞ്ഞു.

ലഘുസമ്പാദ്യ വിഭാഗത്തിൽ വായ്പകൾ നൽകുന്നതിലും ഉപജീവന മാർഗ്ഗ വികസന വിഭാഗത്തിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംഘങ്ങൾ രൂപീകരിക്കുന്നതിലും കേന്ദ്രീകരിച്ചാണ് രണ്ടാം ഘട്ടത്തിൽ പരിശീലനം നൽകുന്നത്. ഇതിനായി കുടുംബശ്രീ സൂക്ഷ്മ സംരംഭക കൺസൾട്ടന്റ്മാർക്ക് പരിശീലനം നൽകുന്ന ട്രീ സൊസൈറ്റിയിൽ നിന്നുള്ള രണ്ട് പ്രതിനിധികളും അസർബെയ്ജാനിൽ സെപ്റ്റംബർ ഏഴ് മുതൽ ആരംഭിച്ച പരിശീലന പരിപാടിക്ക് നേതൃത്വം നൽകുന്നു.

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്ന സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യങ്ങൾക്ക് (എസ്ആർഎൽഎം) പിന്തുണയേകുന്നതിനായി 2013ലാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലം കുടുംബശ്രീയ്ക്ക് നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻആർഒ) പദവി നൽകുന്നത്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനങ്ങളും സംയോജിപ്പിക്കുന്നതിനുള്ള (പിആർഐ-സിബിഐ) പ്രവർത്തനങ്ങളും ഉപജീവന മാർഗ്ഗങ്ങൾക്കായുള്ള സംരംഭ വികസന പ്രവർത്തനങ്ങൾ എന്നിവയാണ് കുടുംബശ്രീ എൻആർഒ പ്രധാനമായും നടപ്പിലാക്കുന്നത്. ഇപ്പോൾ 18 സംസ്ഥാനങ്ങളിൽ കുടുംബശ്രീ എൻആർഒ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ